ശ്രീ. പൌലോസ് പൈലി ഇപ്പോൾ ഫ്രീമൂവ്മെൻറ് അനുവദിച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: ഇപ്പോഴത്തെ സ്റ്റോക്ക് പൊസിഷൻ അനുസരിച്ച് ഫ്രീമൂവ്മെൻറ് അനുവദിച്ചാൽ മറ്റു ചില വൈഷമ്യങ്ങൾ ഉണ്ടാകുമെന്നുള്ളതുകൊണ്ട് അതു് എക്സർസൈസ് ചെയ്യില്ല എന്നേയുള്ളൂ.

ശ്രീ. പൌലോസു പൈലി: ഇക്കൊല്ലത്തിൽ മാത്രം ഇപ്രകാരം ഫ്രീമൂവ്മെൻറ് അനുവദിക്കാഞ്ഞതെന്തുകൊണ്ടാണു്?

ശ്രീ. കെ. എം. കോര: അവിചാരിതമായി സ്റ്റോക്ക് പൊസിഷൻ കുറഞ്ഞുപോയതുകൊണ്ടു് അങ്ങിനെ ഒരു തീരുമാനം ചെയ്യേണ്ടിയുള്ളൂ.

ശ്രീ. പൌലോസു് പൈലി: ഇപ്പോൾ അതു സംബന്ധിച്ചു് വല്ല തീരുമാനവുമുണ്ടായിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: ഞാൻ മുമ്പടി പറഞ്ഞ കൂട്ടത്തിൽ തന്നെ അങ്ങനെ ഒന്നും ചെയ്തിട്ടില്ല എന്നു പറഞ്ഞു.

Sri. D. Gnanasigamoni: How does this prohibition of free movement improve stock position?

Sri. K. M. Korah: There is this possibility. When the stock position has considerably deteriorated, naturally paddy from other sources may go outside the area.

Sri. D. Gnanasigamoni: Then am I to understand that it is able to procure beyond what is procured under the rules?

Sri. K. M. Korah: That does not arise.

Sri. D. Gnanasigamoni: That is why I want to know how this prohibition would improve the stock position?

Sri. K. M. Korah: That is, the paddy that we are entitled to get from the cultivator may also go along with the other paddy. That is the difficulty.

ഗവൺമെൻറ് സർവ്വീസിലെ പകരക്കാർ

*൧൪൨. (൫൫) ശ്രീ. എൻ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

ഒക്കിംഗുകാർ ദീർഘകാല അവധി എടുത്താൽ ഇൻക്രിമെൻറ് കിട്ടുകയില്ലെന്ന സർവ്വീസ് റഗുലേഷനിൽ ഒരു ഭേദഗതി വരുത്തിയിട്ടുണ്ടോ?

ധനകാര്യവും ഭക്ഷ്യവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. കോര): ഉണ്ടു്. ഒക്കിംഗുകാർ ദീർഘകാലഅവധി എടുത്താൽ ഇൻക്രിമെൻറ് കണക്കാക്കുകയില്ല.

ശ്രീ. എ. കെ. പാപ്പുപിള്ള: ദീർഘകാല അവധി എന്നു പറഞ്ഞാൽ അതു് എത്രയെന്നു് ക്ലിപ്തപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: അതു് സിക്കലീവു് മുതലായവയെ സംബന്ധിച്ചുള്ളതാണു്.

ശ്രീ. എ. കെ. പാപ്പുപിള്ള: അവ ഏതെല്ലാമാണെന്നു പറയാമോ?

ശ്രീ. കെ. എം. കോര: അതെല്ലാം ടി. എസ്. ആർ-ൽ ഉള്ളതാണു്.

ഇരവിപുരം—ആയുർറോഡ്

*൧൪A. (൫൬) ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly